**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 479** **23-02-2022 - ൽ മറുപടിയ്ക്ക്**

**ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സേവന വേതന പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സേവന വേതന പരിഷ്കരണത്തിന്റെ ഭാഗമായി ഒമ്പതാം ശമ്പള കമ്മീഷൻ ഉത്തരവിലൂടെ കൊണ്ടുവന്ന നാലാം ഹയർ ഗ്രേഡ്, തസ്തികമാറ്റം വഴി പ്രമോഷൻ ലഭിക്കുന്നവർക്ക് പ്രമോഷൻ തസ്തിക പ്രവേശന തസ്തികയായി മാറുന്നതിനാൽ ലഭിക്കുന്നില്ല എന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നാലാം സമയ ബന്ധിത ഹയർഗ്രേഡ് നിലവിൽ വന്നത് ഒമ്പതാം ശമ്പള കമ്മീഷൻ ഉത്തരവിലൂടെയല്ല മറിച്ച് 10/03/1998 ലെ GO (P) No.899/98/(155)/Fin സർക്കാർ ഉത്തരവിലൂടെയാണ്. ടി ഉത്തരവ് പ്രകാരം 01.03.1992 പ്രാബല്യത്തിൽ അനുവദിച്ച ടി ഗ്രേഡിന്റെ സാമ്പത്തികാനുകൂല്യം 01/04/1995 മുതൽ അനുവദിച്ചിരുന്നു. ജീവനക്കാർക്ക് "ബൈ ട്രാൻസ്ഫർ" നിയമനം ലഭിക്കുന്നതോടുകൂടി ടി ബൈ ട്രാൻസ്ഫർ നിയമന തസ്തിക ടിയാളുടെ പ്രവേശന തസ്തികയായി മാറുന്നതാണ്. ടിയാൾക്കു തുടർന്നുള്ള സമയ ബന്ധിത ഹയർഗ്രേഡ് പ്രൊമോഷനുകളെല്ലാം അനുവദിക്കുന്നത് ടി ബൈ ട്രാൻസ്ഫർ നിയമന തസ്തികയെ അടിസ്ഥാനമാക്കിയാണ്. ഇത് സമയ ബന്ധിത ഹയർഗ്രേഡ് പ്രൊമോഷൻ സ്കീമിന്റെ അടിസ്ഥാന തത്വം ആണ്. അതിൻപ്രകാരം ടി ബൈ ട്രാൻസ്ഫർ നിയമന തസ്തികയിൽ നാലാം സമയ ബന്ധിത ഹയർഗ്രേഡിനുള്ള നിശ്ചിത വർഷ യോഗ്യതാ സേവന കാലയളവുകൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ടി ഗ്രേഡ് ടിയാൾക്ക് ലഭിക്കുന്നതാണ്. |
| (ബി) | തസ്തികമാറ്റം വഴി പ്രമോഷൻ ലഭിക്കുമ്പോൾ പ്രമോഷൻ തസ്തിക പ്രവേശന തസ്തികയായി മാറുന്നതിനാൽ നാലാം ഹയർഗ്രേഡ് ലഭിക്കാതെ പോകുന്നത് ലഭിക്കുന്നതിലേയ്ക്കായി നൽകിയിട്ടുള്ള നിർദ്ദേശം നടപ്പിലാക്കാൻ തയ്യാറാകുമോ; | (ബി) | പരാമർശിച്ച തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും തന്നെ ലഭിച്ചിട്ടില്ല. |
| (സി) | ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി പ്രമോഷൻ ലഭിച്ചാൽ ജോലിയിൽ പ്രവേശിച്ച ആദ്യ തസ്തിക പ്രവേശന തസ്തികയായി നിലനിർത്തി 27 വർഷം തികയുമ്പോൾ നാലാം ഹയർ ഗ്രേഡ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് "ബൈ ട്രാൻസ്ഫർ" നിയമനം ലഭിച്ച ശേഷം ജോലിയിൽ പ്രവേശിച്ച ആദ്യ തസ്തിക പ്രവേശന തസ്തികയായി നിലനിർത്തി 27 വർഷം തികയുമ്പോൾ നാലാം ഹയർഗ്രേഡ് അനുവദിക്കാൻ നിലവിൽ വ്യവസ്ഥ ഇല്ല. എന്നാൽ |

| | | | |
|---|---|---|---|
| | | | പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 10/02/2021 ലെ GO (P) No.27/21/Fin സർക്കാർ ഉത്തരവിലെ അനുബന്ധം VI ലെ ഖണ്ഡിക 21 ൽ 23700-52600, 24400-55200 എന്നീ പ്രവേശന സ്കെയിലിലുള്ള ജീവനക്കാർക്ക് അവരുടെ 23000-50200 ശമ്പള സ്കെയിലിലുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് കൂടി കണക്കിലെടുത്ത് മൂന്ന്, നാല് സമയ ബന്ധിത ഹയർഗ്രേഡുകൾ അനുവദിക്കാൻ ഉത്തരവായിട്ടുള്ളതാണ്. ഇത്തരക്കാർക്ക് മൂന്നാം സമയ ബന്ധിത ഹയർഗ്രേഡിന്റെ പ്രാബല്യത്തിയതി മുതൽ 5 വർഷം പൂർത്തിയായതിനു ശേഷം മാത്രമാണ് നാലാം സമയ ബന്ധിത ഹയർഗ്രേഡിന് അർഹത വരുന്നത്. ഇത്തരത്തിൽ പരിഷ്കരിച്ച നാലാം സമയ ബന്ധിത ഹയർഗ്രേഡ് സ്കീമിന്റെ പ്രാബല്യത്തീയതി 01/04/2021 ആണ്. |

സെക്ഷൻ ഓഫീസർ